Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

Draft #25 of File 6510/E1/2020/KWA (PART-III) Approved by Chief Engineer (HRD&GL) on 29-Nov-2021 06:08 PM - Page 1

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 6510/E1/2020/കെ ഡബ്ല്യു എ

തീയതി: 29.11.2021

**<u>സർക്കുലർ</u>**

വിഷയം:- കേരള ജല അതോറിറ്റി - ഭരണ നിർവ്വഹണം - കേന്ദ്രകാര്യാലയത്തിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച്.

സൂചന :- 2021 ഒക്ടോബർ 27 ന് നടന്ന ഭരണ വിഭാഗത്തിന്റെ അവലോകനയോഗം.

കേന്ദ്രകാര്യാലയത്തിലെ വിവിധ വിഭാഗങ്ങളുടെ ഏകോപനത്തിലൂടെ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ട ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസമൊഴിവാക്കാൻ താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കേന്ദ്രകാര്യാലയത്തിലെ വിവിധ വിഭാഗങ്ങൾ ഫയലുകൾക്കാവശ്യമായ രേഖകളും വിവരങ്ങളും ശേഖരിക്കാനും, നിലവിലെ സ്ഥിതി അറിയുവാനും പരസ്പരം യു ഒ നോട്ട് നൽകുന്നത് മൂലം ഫയൽ നടപടികളിൽ കാലതാമസം ഉണ്ടാകുന്നതായി കാണുന്നു. അതിനാൽ ഡി ഡി എഫ് എസ് സംവിധാനം കേന്ദ്ര കാര്യാലയത്തിൽ പൂർണ്ണമായും നടപ്പാക്കിയ സാഹചര്യത്തിൽ മേൽപ്പറഞ്ഞ വിധത്തിലുള്ള വിവര ശേഖരണത്തിനോ, വിഷയങ്ങളിന്മേൽ നിലവിലെ സ്ഥിതി അറിയുന്നതിനോ ബന്ധപ്പെട്ട വിഭാഗം മേധാവി മുഖേന ഫയലുകൾ വിഭാഗങ്ങൾ പരസ്പരം കൈമാറി പ്രസ്തുത ആവശ്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്. ഫയൽ നടപടികൾ പൂർത്തിയാക്കിയശേഷം രേഖകളോ വിവരങ്ങളോ പൂർണ്ണമായി കൈമാറാൻ മാത്രമേ ഇനി മുതൽ കേന്ദ്ര കാര്യാലയത്തിലെ വിഭാഗങ്ങൾ യു.ഒ. നോട്ട് ഉപയോഗിക്കാവൂ. (ഉദാ. RTI അപേക്ഷകന് നൽകിയ മറുപടികൾ, വിധിന്യായ പകർപ്പുകൾ etc.)

കേന്ദ്രകാര്യാലയത്തിലെ ഏതെങ്കിലും സെക്ഷനുകളിൽ അവയുമായി ബന്ധമില്ലാത്ത തപാലുകൾ ലഭിക്കുകയാണെങ്കിൽ അവ അതുമായി ബന്ധപ്പെട്ട സെക്ഷനിലേക്ക് കൈമാറാതിരിക്കുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം തപാലുകൾ അതുമായി ബന്ധപ്പെട്ട വിഭാഗങ്ങളിലേക്ക് ഉടൻ തന്നെ കൈമാറേണ്ടതാണ്.

മേൽപറഞ്ഞ നിർദേശങ്ങൾ കൃത്യമായി നടപ്പാക്കാൻ കേന്ദ്രകാര്യാലയത്തിലെ എല്ലാ വിഭാഗം മേധാവികളും ശ്രദ്ധപുലർത്തേണ്ടതാണ്.

SETHUKUMAR S

ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജനറൽ)

സ്വീകർത്താവ്

കേന്ദ്രകാര്യാലയത്തിലെ എല്ലാ വിഭാഗം മേധാവികൾക്കും.

പകർപ്പ്:-

PA to MD / PA to TM / PA to AM / CA to CE(HRD&GL) / CA to CE(HRD&GL) / CA to DCE(GL) / AO (Admn & Est) / DAO(Admn) / SS (Accounts) / JS (admn) / JS (Accounts) / All Sections in Head Office / File / SF

Draft #25 of File 6510/E1/2020/KWA (PART-III) Approved by Chief Engineer (HRD&GL) on 29-Nov-2021 06:08 PM - Page 2

The document is digitally approved. Hence signature is not needed.